₹ 5/-

# റിയൽ ലൈഫ് വോയ്സ്

R E A L   L I F E   V O I C E

Monthly

Volume 11
Issue 9

**March 2023**

pages 24

“നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. ഞാൻ അങ്ങനെ ആക കൊണ്ട് നിങ്ങൾ പറയുന്നത് ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു”

**(യോഹന്നാൻ 13:13–15)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | REAL LIFE VOICE | No. 135 |
|---|---|---|

Volume 11 Issue 9 March 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

**Book No. 135**

## ഉള്ളടക്കം

| | പേജ് |
|---|---|
| • സലോമിയും ഷെസിനയും | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (11) | 7 |
| • റോമർ 16 ലെ ദൈവമക്കൾ (8) | 10 |
| • ഹബക്കൂക് (13) | 14 |
| • അവലോകനയോഗം (ചെറുകഥ) | 17 |
| • ഓർമ്മകൾ (35) | 20 |
| • അജികുമാർ... | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# സലോമിയും ഷെസിനയും

സാക്ഷരതയിലും സംസ്കാരത്തിലും സ്ത്രീസുരക്ഷയിലും മുൻപന്തിയിലാണെന്നു അഭിമാനിക്കുന്ന കേരളീയരെ നോക്കി കൊഞ്ഞനം കുത്തുന്ന രണ്ടു പേരുകൾ - സലോമി, ഷെസിന. ഭീകരതയിലൂടെയും കൊലപാതകത്തിലൂടെയും ശത്രുവിനെ ഇല്ലായ്മ ചെയ്യുവാൻ നടക്കുന്ന സമൂഹദ്രോഹികൾ വരുത്തുന്ന രക്തച്ചൊരിച്ചിലുകൾ പലപ്പോഴും അവരുടെ ലക്ഷ്യത്തിൽ മാത്രം ഒതുങ്ങിനിൽക്കാറില്ല. രാജീവ്ഗാന്ധിയെ ലക്ഷ്യമിട്ട് നടത്തിയ മനുഷ്യബോംബ് ആക്രമണത്തിൽ കൊല്ലപ്പെട്ടത് രാജീവ്ഗാന്ധി മാത്രമല്ല. കൂടെ കൊല്ലപ്പെട്ടവരുടെ ആശ്രിതരെക്കുറിച്ചും അവരുടെ ഭാവിയെക്കുറിച്ചും കൊലപാതകികൾ ചിന്തിച്ചതേയില്ല.

**സലോമി (49)**

പ്രവാചകനിന്ദ നടത്തി എന്നും പറഞ്ഞ് 2010 ജൂലൈയിലാണ് തൊടുപുഴ ന്യൂമാൻ കോളേജിലെ അദ്ധ്യാപകനായിരുന്ന പ്രൊഫ. ടി. ജെ. ജോസഫിന്റെ വലത് കൈപ്പത്തി അക്രമികൾ വെട്ടിയെറിഞ്ഞത്. അദ്ദേഹത്തിന്റെ ഭാര്യ സലോമി ആ സംഭവത്തോടെ തകർന്നുപോയിരുന്നു. ഭീകരതയുടെ മുമ്പിൽ പകച്ചുപോയ, പേടിത്തൊണ്ടന്മാരായ കത്തോലിക്കാമാനേജ്മെന്റ് ജോസഫ്സാറിനോട് യാതൊരു കരുണയും കാണിച്ചില്ല. കുടുംബത്തിലെ ഏക ആശ്രയമായിരുന്നു ജോസഫ്സാറിന്റെ വരുമാനം. അത് നിലച്ചതോടുകൂടി അവരുടെ ജീവിതം കടുത്ത പ്രതിസന്ധിയിലായി.

ആ സാഹചര്യം സൃഷ്ടിച്ച നടുക്കത്തിൽനിന്നും അപമാനത്തിൽനിന്നും ജോസഫ്സാർ പതുക്കെ പതുക്കെ കരകയറിയെങ്കിലും സലോമിക്ക് അതിനു സാധിച്ചില്ല. സലോമിയെ വിഷാദരോഗം ബാധിച്ചു; സൈക്ക്യാട്രിസ്റ്റിന്റെ അടുത്ത് ചികിത്സ തേടേണ്ടിവന്നു. പക്ഷേ മരുന്നുകൾ കൊണ്ട് കാര്യമായ പുരോഗതി ഉണ്ടായില്ല. സലോമിയുടെ മനസ്സിനേറ്റ മുറിവുകൾക്ക് അത്രയും ആഴമുണ്ടായിരുന്നു. ആശ്വാസവാക്കുകൾക്കോ അകത്തു കഴിക്കുന്ന ഗുളികകൾക്കോ നന്നാക്കിയെടുക്കാൻ സാധിക്കാത്ത വിധം ആ മനസ്സ് തകർന്നുപോയിരുന്നു.

2014 മാർച്ച് 31 ന് വിരമിക്കേണ്ട ജോസഫ്സാറിനെ കോളേജിൽ പ്രവേശിപ്പിച്ച് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത നേടിക്കൊടുക്കണം എന്ന് പലരും ആവശ്യപ്പെട്ടു. അതനുസരിച്ച് അദ്ദേഹത്തെ കോളേജിൽ പ്രവേശിപ്പിക്കാൻ മാനേജ്മെന്റ് തീരുമാനിച്ചുവെങ്കിലും ആരുടെയൊക്കെയോ ഭീഷണിക്കു മുമ്പിൽ കത്തോലിക്കാസഭയ്ക്ക് പിന്നെയും മുട്ട് വിറച്ചു. അവർ തീരുമാനം മാറ്റി. അവശേഷിക്കുന്ന പ്രതീക്ഷയും നഷ്ടപ്പെട്ടതോടെ, 2014 മാർച്ച് 19-ാം തീയതി സലോമി വീടിനുള്ളിൽ തൂങ്ങിമരിച്ചു.

കത്തോലിക്കാസഭയെ തികഞ്ഞ അവജ്ഞയോടെ സ്വന്തം അണികൾ തന്നെ നോക്കിക്കാണുകയും, സമൂഹത്തിൽനിന്നും അതിരൂക്ഷമായ വിമർശനം നേരിടുകയും ചെയ്തതോടുകൂടി കത്തോലിക്കാസഭയുടെ കണ്ണ് തുറന്നു. വിരമിക്കുന്നതിനു ഒരു ദിവസം മുമ്പ് അവർ ജോസഫ്സാറിനെ ജോലിയിൽ പ്രവേശിപ്പിച്ചു. ഈ തീരുമാനം നേരത്തെ എടുത്തിരുന്നുവെങ്കിൽ... മുസ്ലീംഭീകരതയും കത്തോലിക്കാഭീരുത്വവും കൂടിച്ചേർന്ന് സലോമിയെ കൊന്നുകളഞ്ഞുവെന്നു പറയുന്നതാകും ശരി.

**ഷെസിന (34)**

2023 ഫെബ്രുവരി 7 ന് ഷെസിന എന്ന യുവതി ആത്മഹത്യ ചെയ്തു. അവൾ ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ, 1999 ഡിസംബർ 1 ന്, അവർക്ക് ക്ലാസ്സെടുത്തുകൊണ്ടിരുന്ന കെ. ടി. ജയകൃഷ്ണൻമാസ്റ്ററെ ഒരു കൂട്ടം സാമൂഹ്യദ്രോഹികൾ ക്ലാസ്സിൽ കയറി വെട്ടിക്കൊന്നു. മുൻബഞ്ചിൽ ഇരുന്നിരുന്ന ഷെസിനയുടെ യൂണിഫോമിലും പുസ്തകങ്ങളിലും ചോര ചിതറിത്തെറിച്ചു. അന്ന് പതിനൊന്നു വയസ്സ് മാത്രം പ്രായമുള്ള അവളും ആ ക്ലാസ്സിലെ മറ്റു കുട്ടികളും അലറിവിളിച്ചു. കണ്ണൂർജില്ലയിലെ കൊലപാതകരാഷ്ട്രീയത്തിന്റെ തടിച്ച പുസ്തകത്തിലെ ഒരു താള് മാത്രമായിരുന്നു ഈ സംഭവം.

ക്ലാസ്സിലുണ്ടായിരുന്ന മുഴുവൻ കുട്ടികളും മാനസികമായി തകർന്നുപോയിരുന്നു. കൗൺസലിങ്ങിലൂടെ ബാക്കിയുള്ളവർ ഒരുവിധം ആ ഷോക്കിൽനിന്നും കരകയറി. പക്ഷേ അതിനു കുറച്ചു നാളുകൾ വേണ്ടിവന്നുവെന്നു മാത്രം. എന്നാൽ, ഷെസിന.... അവൾ ആ മാനസികാഘാതത്തിൽനിന്നും കരകയറിയില്ല. സ്കൂളിൽ പോകാനോ, ഉത്സവങ്ങൾക്കു പോകാനോ അവൾ പേടിച്ചു. ആരുടെയൊക്കെയോ കഠിനപരിശ്രമത്തിന്റെ ഫലമായി പത്താംക്ലാസ്സ് പ്രൈവറ്റായി അവൾ എഴുതി പാസ്സായി.

ആൾക്കൂട്ടത്തെയും ആംബുലൻസിന്റെ ശബ്ദത്തെയും അവൾ പേടിച്ചു. തുടർച്ചയായി അവൾക്ക് കൗൺസലിങ് കൊടുത്ത് അവളെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ പലരും പരിശ്രമിച്ചു. ബിരുദത്തിനുശേഷം കമ്പ്യൂട്ടർ പരിശീലനം തേടി. കഴിഞ്ഞ മൂന്നു വർഷമായി വില്ലേജ് ഓഫീസിൽ

ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി ചെയ്യുകയായിരുന്നു. വിവാഹത്തിനു അവൾ തയ്യാറായിരുന്നില്ല. തകർന്ന മനസ്സുമായി അവൾ കഴിഞ്ഞ 22 വർഷത്തിലധികമായി ഈ ലോകത്തിൽ ജീവിച്ചു. ഒടുവിൽ, നിരവധി വർഷങ്ങളായി അവളെ വേട്ടയാടിക്കൊണ്ടിരുന്ന, ഭയപ്പെടുത്തിക്കൊണ്ടിരുന്ന ഓർമ്മകളിൽനിന്നും അവൾ മുക്തി നേടി – ആത്മഹത്യയിലൂടെ!

**മനസ്സിനേറ്റ മുറിവുമായ്... തോറ്റോടി...**

ആത്മഹത്യ ചെയ്യുന്നവർ തീർച്ചയായും ജീവിതത്തിൽനിന്ന് തോറ്റോടുന്നവർ തന്നെയാണ്. സലോമിയും ഷെസിനയും ആ നിലയിൽ പരാജയപ്പെട്ടവരുടെ ലിസ്റ്റിൽ ഇടം തേടും. പക്ഷേ അതിന് കാരണക്കാരായ കാപാലികരുടെ ദുഷ്ടത നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സാധാരണ നിലയിൽ ആർക്കും ഒരു ഉപദ്രവവും ചെയ്യാതെ ശാന്തമായി ജീവിച്ചിരുന്ന രണ്ടു സ്ത്രീജന്മങ്ങളാണ് ആ ദുഷ്ടർ നശിപ്പിച്ചത്. മനസ്സിൽ ആഴത്തിൽ വെട്ടേറ്റിട്ടും ജീവിക്കാൻ അവർ ശ്രമിച്ചു; പക്ഷേ പരാജയപ്പെട്ടുപോയി. അവർക്കേറ്റ മുറിവുകൾക്ക് അത്രയും ആഴമുണ്ടായിരുന്നുവെന്നു വ്യക്തം.

അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സൈക്ക്യാട്രിസ്റ്റുകളും സൈക്കോളജിസ്റ്റുകളും പഠിച്ച പണി പതിനെട്ടും നോക്കി. പക്ഷേ വിജയിച്ചില്ല. അവരുടെ മനസ്സിലേക്ക് ചിതറിത്തെറിച്ച ചോരപ്പാടുകളെ മായിക്കാൻ വാക്കുകൾക്കോ മരുന്നുകൾക്കോ കഴിഞ്ഞില്ല. ഒരാളുടെ ജീവിതം തകർത്തത് വർഗ്ഗീയതയെങ്കിൽ, അടുത്തയാളുടെ ജീവിതം തകർത്തത് അക്രമരാഷ്ട്രീയമായിരുന്നു. ഈ രണ്ടു ദുഷ്ടസ്രോതസ്സുകളും ഇപ്പോഴും സാധുക്കളുടെ ജീവനും ജീവിതവും നശിപ്പിച്ചുകൊണ്ട് അട്ടഹസിച്ച് മുന്നേറിക്കൊണ്ടിരിക്കയാണ്.

ഇത്തരം തിന്മകളെ തടയുന്ന കാര്യത്തിൽ നിയമവും നിയമപാലകരും കോടതികളും ഫലപ്രദമായി വിജയിക്കുന്നുമില്ല. മുകളിലുള്ളവർ ഒരുക്കുന്ന സംരക്ഷണകവചവും സമൂഹത്തിന്റെ പ്രത്യേക മേഖലകളിൽനിന്നു ലഭിക്കുന്ന പിന്തുണയും ദുഷ്ടരെ തിന്മയിൽ പൂണ്ടുവിളയാടുന്ന കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നു. ജീവിതത്തിൽ ഇനിയും പിടിച്ചുനിൽക്കുക അസാധ്യമാണെന്നു തെറ്റിദ്ധരിച്ച് നിരപരാധികളായവർ ആത്മഹത്യ ചെയ്യുന്നു.

കേരളത്തിൽ ആത്മഹത്യ ചെയ്തവരുടെ കണക്ക് എടുത്ത് നോക്കിയാൽ, വിവേകമില്ലാതെയും കരുണയില്ലാതെയും മറ്റുള്ളവർ ഏൽപ്പിച്ച മുറിവുകൾ നിമിത്തം സ്വയം മരണക്കയത്തിലേക്ക് എടുത്തുചാടിയവർ ധാരാളമുണ്ട് എന്നു കാണാവുന്നതാണ്. മറ്റുള്ളവരെ മാനസികമായി തകർത്ത് മരണത്തിലേക്ക് തള്ളിവിടുന്നവരെ ഓർത്ത് നമുക്ക് ലജ്ജിക്കാം. ദൈവത്തിലാശ്രയിച്ച് ഉന്നതമായ മാനസികനില നാം കൈവരിക്കുക. **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

**K A Jose, Changampuzha Nagar, Kochi**

കഷണ്ടിപുരാണം (ഡിസംബർ ലക്കം) രസകരമായിരുന്നു. സത്യത്തിൽ ഇത് തികച്ചും പാരമ്പര്യമാണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇപ്പോൾ മുടി ഞാറ് നടുന്നതുപോലെ വച്ചുപിടിപ്പിക്കുന്നുണ്ട്. എറണാകുളം സ്പെഷലിസ്റ്റ് ഹോസ്പിറ്റലിൽ ഇത് ചെയ്യുന്നുണ്ട്. ❍


**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

വിശ്വസിച്ച് സ്നാനമേറ്റ പെൺകുട്ടി

Age: 27, Height: 156, Weight: 65, Place: Thrissur

Qualifications: BA English, Fashion Designing

**Contact Number: 89 077 67 991**


## പ്രതികരിക്കുക

മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. അതുകൊണ്ടുതന്നെ ആ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നത് വായനക്കാരുടെ പ്രതികരണങ്ങളിൽ നിന്നാണ്. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. വായനക്കാരുടെ പ്രതികരണങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണ്. (എഡിറ്റർ)

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

11

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

### ഉറക്കം 5 മണിക്കൂർ മാത്രം

നാഗ്പൂരിലെ പൊതുസ്ഥലങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്തും സുവിശേഷം പ്രസംഗിച്ചും കുര്യൻ മുന്നേറി. അദ്ദേഹത്തിന്റെ കുടുംബം അപ്പോഴും മധുരയിൽ എം. ഈ. ചെറിയാനോടൊപ്പമായിരുന്നു. കുടുംബം കൂടെയില്ലാത്തതോ സാമ്പത്തികപരാധീനതകളോ അദ്ദേഹത്തെ തളർത്തിയില്ല. അത്യന്തം സന്തോഷത്തോടെ കർത്താവിന്റെ വേല അദ്ദേഹം ചെയ്തുപോന്നു.

കണിശമായ വിധം ടൈംടേബിൾ ക്രമീകരിച്ചാണ് അദ്ദേഹം അക്കാലത്ത് ജീവിച്ചിരുന്നത് എന്ന് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. ഏകദേശം 5 മണിക്കൂർ മാത്രമാണ് ഉറക്കത്തിനായി ചെലവഴിച്ചത്. ബാക്കിയുള്ള സമയമെല്ലാം സുവിശേഷപ്രവർത്തിനും പുസ്തകവായനയ്ക്കും പത്രവായനയ്ക്കുമായി അദ്ദേഹം ചെലവഴിക്കുകയും അന്നാട്ടുകാരുടെ ഭാഷയായ ഹിന്ദി ഒഴുക്കോടെ കൈകാര്യം ചെയ്യാൻ അഭ്യസിക്കുകയും ചെയ്തു.

### കുടുംബത്തിന്റെ ഒത്തുചേരൽ

തന്റെ കുടുംബത്തെ കൂടെ കൂട്ടണമെന്ന ആഗ്രഹം നിമിത്തം മെച്ചപ്പെട്ട ഒരു വാടകവീട് ലഭിക്കാനായി കുര്യൻ പ്രാർത്ഥിച്ചു. സർവ്വകൃപാലുവായ ദൈവം ആ പ്രാർത്ഥന കേട്ടു. അങ്ങനെ 1945 നവംബർ 16 ന് അദ്ദേഹത്തിന്റെ ഭാര്യ മറിയാമ്മയും രണ്ടു പെൺമക്കളായ ജെയിനും ലില്ലിയും നാഗ്പൂരിലെത്തി. കുടുംബത്തിന്റെ ഒത്തുചേരൽ അവർക്ക് നൽകിയ ആഹ്ലാദം ചെറുതല്ല. കർത്താവിനെ സേവിക്കാൻ ഇറങ്ങിപ്പുറപ്പെട്ട അവരുടെ നേർക്ക് വലിയ വെല്ലുവിളികൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ എന്നു അവർ അന്നേരം അറിഞ്ഞിരുന്നില്ല.

### ആദ്യത്തെ സഭായോഗം

കുര്യൻ ഇതിനോടകം തന്നെ സുവിശേഷം അറിയിച്ചുകൊണ്ട് പലരുമായും നല്ല ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. അവരിൽ ചിലർ വലിയ താത്പര്യം കാണിക്കുകയും കുറച്ചു ആളുകൾ കർത്താവിനെ രക്ഷിതാവായി ഏറ്റുപറയുകയും ചെയ്തു. മറ്റു ചിലർ ദൈവവചനം കൂടുതൽ മനസ്സിലാക്കുന്നതിന് താത്പര്യം കാണിക്കുകയും ചെയ്തു. തൊട്ടടുത്ത ഞായറാഴ്ച, അതായത് 18-ാം തീയതി, കർത്തൃമേശയോടുകൂടിയുള്ള ഒരു ആരാധനായോഗം അവർ തങ്ങളുടെ പുതിയ വാടകവീട്ടിൽ നടത്തി. 5 പേർ അതിൽ പങ്കെടുത്തു.

### കുമ്പനാട് പണ്ടു നടന്ന സഭായോഗം പോലെ

വർഷങ്ങൾക്കു മുമ്പ്, അതായത് 1899 മാർച്ച് 19-ാം തീയതി കുമ്പനാട് നടത്തിയ ഒരു സഭായോഗത്തിന്റെ കാര്യം ചിലരെങ്കിലും ഇത്തരുണത്തിൽ ഓർക്കാൻ സാധ്യതയുണ്ട്. അന്ന് ആകെ 4 പേർ മാത്രമാണ് അതിൽ പങ്കെടുത്തത്. പുതിയനിയമ മാതൃകയിൽ നടത്തിയ ആ കൂടിവരവ് പിന്നീട് കേരളമൊട്ടാകെ അനേകം പുതിയ സഭാകൂടിവരവുകളുണ്ടാകുന്നതിന് കാരണമായി. കുമ്പനാട് എളിയ രീതിയിൽ ആരംഭിച്ച ആ കൂടിവരവാണ് പിന്നീട് വലിയൊരു പ്രസ്ഥാനമായി മാറിയത്. മഹാകവി കെ. വി. സൈമൺ എഴുതിയ 'വേർപാടുസഭകളുടെ ചരിത്രം' എന്ന പുസ്തകത്തിൽ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ച് വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

### ബൈബിൾക്ലാസ്സുകൾ വീടുകളിൽ

ഭാര്യയും മക്കളും ഒപ്പമുള്ളതുകൊണ്ട്, വചനം പഠിക്കാൻ താത്പര്യം കാണിക്കുന്നവരുടെ വീടുകളിൽ ബൈബിൾക്ലാസ്സുകൾ സംഘടിപ്പിക്കാൻ അദ്ദേഹത്തിനു കൂടുതൽ സൗകര്യമായി. ഒരുമിച്ചിരുന്ന് വചനം പഠിക്കുന്ന

തിനും പ്രാർത്ഥിക്കുന്നതിനും ഇത്തരം മീറ്റിംഗുകൾ വളരെ പ്രയോജനകരമായിത്തീർന്നു.

### രോഗിയായ ഒരു സ്ത്രീ

മറ്റു സഹോദരന്മാർ ആരും സഹായത്തിനില്ലാത്തതിനാൽ കുര്യൻ ഒറ്റയ്ക്കു തന്നെ ലഘുലേഖകളുമായി പൊതുസ്ഥലങ്ങളിൽ ചെന്ന് സുവിശേഷം അറിയിക്കുന്നത് തുടർന്നു. ചിലർ തങ്ങളുടെ വീടുകളിലുള്ള രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അദ്ദേഹത്തെ ക്ഷണിക്കുമായിരുന്നു. ഇങ്ങനെ പ്രാർത്ഥിക്കുവാൻ പോയ ഒരു സംഭവം അദ്ദേഹത്തിന്റെ ഡയറിയിൽ കുറിച്ചിട്ടുണ്ട്.

1945 നവംബർ 28-ാം തീയതി, ഒരു ചന്തസ്ഥലത്ത്നിന്നുകൊണ്ട് കുര്യൻ നടത്തിയ പ്രസംഗം കേട്ട ഒരു സ്ത്രീ, ഗുരുതരമാം വിധം അസുഖബാധിതയായി കിടക്കുന്ന തന്റെ സഹോദരിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കുര്യനെ വീട്ടിലേക്ക് ക്ഷണിച്ചു. അതനുസരിച്ച് അദ്ദേഹം അവിടേക്ക് പോയി. ആറു മാസത്തിലധികമായി അവൾ രോഗാവസ്ഥയിൽ കഴിഞ്ഞിരുന്നതുകൊണ്ട് അവൾ തീരെ മെലിഞ്ഞും ദുർബ്ബലാവസ്ഥയിലും കാണപ്പെട്ടു. എങ്കിലും കുര്യൻ അവളോട് ദൈവവചനം പറഞ്ഞപ്പോൾ അവൾ യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു.

ചില ദിവസങ്ങൾക്കുശേഷം കുര്യൻ അവളെ വീണ്ടും സന്ദർശിച്ചപ്പോൾ ശാരീരികമായി അവൾ ബലഹീന തന്നെയെങ്കിലും വിശ്വാസത്തിൽ അവൾ കൂടുതൽ ശക്തിപ്പെട്ടിരുന്നതായി മനസ്സിലാക്കി. എല്ലാ വിശ്വാസികൾക്കും അനുഗ്രഹിക്കപ്പെട്ട പ്രത്യാശയായ പുനരുത്ഥാനമുണ്ടെന്ന് കുര്യൻ അവളോടു പറഞ്ഞു. ഇതു കേട്ടപ്പോൾ അവൾക്ക് വലിയ സന്തോഷവും സമാധാനവും മനസ്സിൽ അനുഭവപ്പെട്ടു. ഈ അവസ്ഥയിലിരിക്കെ, 1945 ഡിസംബർ 10-ാം തീയതി അവൾ കർത്താവിൽ നിദ്ര പ്രാപിച്ചു.

### പരിഹാസവും ദാരിദ്ര്യവും

പൊതുസ്ഥലങ്ങളിൽ ധൈര്യത്തോടെ ദൈവവചനം പ്രസംഗിക്കുകയെന്നത് അദ്ദേഹത്തിന്റെ വലിയൊരു സവിശേഷതയായിരുന്നു. പലരും അദ്ദേഹത്തെ കളിയാക്കിയെങ്കിലും ഈ വക അനുഭവങ്ങൾ സ്വർഗ്ഗത്തിലെ പ്രതിഫലം വർദ്ധിപ്പിക്കും എന്ന് ചിന്തിച്ച് അദ്ദേഹം ശക്തിപ്പെടുമായിരുന്നു. പലപ്പോഴും കുടുംബത്തിനാവശ്യമായ പലചരക്ക് സാധനങ്ങൾ വാങ്ങാനോ വാടക കൊടുക്കാനോ ഉള്ള പണം പോലും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം തളർന്നില്ല.

**(തുടരും)**

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

8

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**11. അപ്പെലേസ്**

**12. അരിസ്തൊബൂലൊസിന്റെ ഭവനക്കാർ**

*"ക്രിസ്തുവിൽ സമ്മതനായ അപ്പെലേസിനു വന്ദനം ചൊല്ലുവിൻ. അരിസ്തൊബൂലൊസിന്റെ ഭവനക്കാർക്കു വന്ദനം ചൊല്ലുവിൻ" (റോമർ 16:10).*

ഇവിടെ പറഞ്ഞിരിക്കുന്ന അപ്പെലേസും (Apelles) അപ്പൊ. പ്രവൃ.18:24 ൽ പറയുന്ന അപ്പൊല്ലോസും (Apollos) ഒരാളാണെന്നും, അല്ല രണ്ടാളാണെന്നും ഉള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ദൈവമക്കളുടെ ഇടയിൽ ഉണ്ട്. രണ്ടും രണ്ട് വ്യക്തികളാകാനാണ് സാധ്യതയുള്ളത്. അപ്പൊല്ലോസിനെക്കുറിച്ച് അപ്പൊസ്തല പ്രവൃത്തികൾ, 1 കൊരിന്ത്യർ, തീത്തൊസ് എന്നീ പുസ്തകങ്ങളിലായി പത്തു വാക്യങ്ങൾ ഉണ്ട്. എല്ലായിടത്തും അപ്പൊല്ലോസ് (Apollos) എന്നു തന്നെയാണ്. റോമർ 16:10 ൽ മാത്രമാണ് അപ്പെലേസ് (Apelles) എന്നു കാണുന്നത്. ഈ അപ്പെലേസ് റോമാസഭയിലെ ഒരു വിശ്വാസിയാണ്; അല്ലാതെ അപ്പൊല്ലോസ് അല്ല എന്നു ചിന്തിക്കുന്നതാണ് ഉചിതമെന്നു തോന്നുന്നു.

**ക്രിസ്തുവിൽ സമ്മതൻ**

അപ്പെലേസിനെ വിശേഷിപ്പിക്കാൻ പൗലൊസ് ഉപയോഗിച്ച പദം വളരെ മനോഹരമായിരിക്കുന്നു. ക്രിസ്തുവിൽ സമ്മതൻ! ഓരോ വിശ്വാസിയെയും പരിചയപ്പെടുത്താൻ വ്യത്യസ്തങ്ങളായ വിശേഷണപദങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്റെ പദസമ്പത്തും ഭാവനാസമ്പത്തും പൗലൊസ് പ്രകടമാക്കിയിരിക്കുന്നത് ഗംഭീരമായിരിക്കുന്നു. വാക്കുകളെ ഉള്ളംകയ്യിലെടുത്ത് അമ്മാനമാടാനും വാക്കുകളുടെ മനോഹാരിത പ്രദർശിപ്പിക്കാനും പൗലൊസിനുള്ള സവിശേഷമായ കഴിവ് അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ നമുക്ക് എത്രയോ തവണ ബോധ്യപ്പെട്ടിരിക്കുന്നു!

ക്രിസ്തുവിൽ സമ്മതൻ! സമ്മതൻ എന്നതിനു തതുല്യമായ ഗ്രീക്ക് പദം റോമർ 14:18 ലും ഉണ്ട്. കൊള്ളാകുന്നവൻ എന്നാണ് മലയാളം ബൈബിളിൽ കൊടുത്തിരിക്കുന്നത്. ഇതു കൂടാതെ വേറെയും അഞ്ചിടങ്ങളിൽ ഇതേ പദം ഉണ്ട്. അവിടെയെല്ലാം കൊള്ളാകുന്നവൻ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. അപ്പെലേസ് ക്രിസ്തുവിൽ സമ്മതനാണ്. അദ്ദേഹത്തിന്റെ ക്രിസ്തീയജീവിതത്തെക്കുറിച്ച് ആർക്കും ഒരു പരാതി പറയാനില്ല എന്നു സാരം. 'സഭായോഗത്തിൽ കാണുന്ന അപ്പെലേസ് അല്ല നിത്യജീവിതത്തിൽ കാണുന്ന അപ്പെലേസ്' എന്നൊരു പരാതി അദ്ദേഹത്തെക്കുറിച്ച് ആർക്കും പറയാനില്ല. ക്രിസ്തു എന്ന കണ്ണാടിയിൽക്കൂടി നോക്കുമ്പോൾ അപ്പെലേസ് എല്ലാവർക്കും സമ്മതനാണ്.

അപ്പെലേസിനെക്കുറിച്ച് പൗലൊസ് പറയുന്ന ഈ സാക്ഷ്യം വളരെ വലുതാണ്. എല്ലാ വിശ്വാസികളെയുംകുറിച്ച് ഇങ്ങനെയൊരു സാക്ഷ്യം പറയാൻ സാധിക്കയില്ല. നടന്മാരും വില്ലന്മാരും കോമാളികളും ഐറ്റം ഡാൻസുകാരും എക്കാലത്തും നിറഞ്ഞാടുന്ന ഈ ആത്മികഗോളത്തിൽ ചില സഹോദരങ്ങൾ ക്രിസ്തുവിൽ സമ്മതരായിട്ടുണ്ട് എന്നത് വാസ്തവം തന്നെ. 'ആ സഹോദരനെ വിശ്വസിക്കാം' എന്ന സാക്ഷ്യം, 'ഏല്പിച്ച കാര്യം ആ സഹോദരി ഭംഗിയായി ചെയ്യും' എന്ന സാക്ഷ്യം, എത്ര പേരെക്കുറിച്ച് നമുക്ക് പറയാൻ സാധിക്കും? അവരാണ് ക്രിസ്തുവിൽ സമ്മതരായിട്ടുള്ളവർ.

ക്രിസ്തുവിൽ സമ്മതരായിട്ടുള്ളവർ ലോകത്തിൽ സമ്മതരാവണമെന്നില്ല. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആയതുകൊണ്ട് (യാക്കോബ് 4:4), ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഉത്സാഹിക്കുന്നവർക്ക് ക്രിസ്തുവിൽ സമ്മതൻ എന്ന നിലയിലേക്ക് വളരുവാൻ കഴിയുകയില്ല. അപ്പെലേസ് പക്ഷേ ആ നിലയിലേക്ക് വളർന്നു. ലോകപ്രകാരം അദ്ദേഹം എത്ര പ്രാവശ്യം തള്ളപ്പെട്ടു എന്നും, എത്ര അപമാനം അദ്ദേഹം ഏറ്റുവാങ്ങി എന്നും നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ലോകപ്രകാരമുള്ള നേട്ടങ്ങളെ എല്ലാം നഷ്ടപ്പെടുത്തിയും, ദൈവമുമ്പാകെ വിശ്വസ്തനായി നിലനിന്നുകൊണ്ടും നേടിയെടുത്ത സാക്ഷ്യമാണിത് – ക്രിസ്തുവിൽ സമ്മതൻ!

**അരിസ്തൊബൂലൊസിന്റെ ഭവനക്കാർ**

"അരിസ്തൊബൂലൊസിന്റെ ഭവനക്കാർക്കു വന്ദനം ചൊല്ലുവിൻ" എന്നാണ് പൗലൊസ് എഴുതിയിരിക്കുന്നത്. അരിസ്തൊബൂലൊസിന് വന്ദനം ഇല്ല. ഭവനക്കാർക്കു മാത്രമാണ് വന്ദനം ചൊല്ലേണ്ടത്. എന്തായിരിക്കും കാരണം? രണ്ടു സാധ്യതകളാണുള്ളത്. ഒന്നാമത്തെ സാധ്യത, അദ്ദേഹം മരിച്ചിരിക്കാം എന്നതാണ്. എങ്കിൽ ഗൃഹനാഥൻ മരിച്ചിട്ടും വിശ്വാസത്തിൽ ഇളക്കം തട്ടാതെ നിലനിൽക്കുന്ന ഭവനക്കാരാണ് അവർ എന്നു മനസ്സിലാക്കാം. വിശ്വാസി

യായ ഗൃഹനാഥൻ മരിച്ചതിനുശേഷം വിശ്വാസത്തിൽ നിന്നും വീണുപോയ ചില ഭവനക്കാരെ എനിക്കു നേരിട്ടറിയാം. അതുമായി താരതമ്യം ചെയ്യുമ്പോൾ അരിസ്തൊബൂലൊസിന്റെ ഭവനക്കാർ അഭിനന്ദനം അർഹിക്കുന്നു. രണ്ടാമത്തെ സാധ്യത, അരിസ്തൊബൂലൊസ് അവിശ്വാസിയായിരിക്കാം എന്നതാണ്. എങ്കിൽ ഗൃഹനാഥൻ വിശ്വാസത്തിൽ വരാഞ്ഞിട്ടും, വിശ്വാസത്തിൽ ഉറച്ചുനിന്ന ഭവനക്കാരാണ് അവർ എന്നു വരുന്നു. കുടുംബനാഥൻ അവിശ്വാസിയാണെങ്കിൽ ആ ഭവനത്തിൽ വിശ്വാസികളായി നിലനിൽക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പതിനേഴു വയസ്സുള്ളപ്പോൾ ഞാൻ വിശ്വാസിയായിത്തീർന്നു. റോമൻ കത്തോലിക്കാസഭയുടെ പുരാതനമായ ചങ്ങലയാണ് ദൈവകൃപയാൽ ഞാൻ പൊട്ടിച്ചെറിഞ്ഞത്. പക്ഷേ അപ്പൻ വിശ്വാസത്തിലേക്ക് വരാഞ്ഞത് നിമിത്തം ഈ കൗമാരക്കാരൻ അന്നു നന്നേ ബുദ്ധിമുട്ടേണ്ടി വന്നിരുന്നു.

വിശ്വാസത്തിലേക്ക് വരാത്ത കുടുംബനാഥൻ ഉള്ള ഭവനങ്ങളിൽ വിശ്വാസികളായ ഭാര്യമാരും കുട്ടികളും സ്ഥിരമായി മർദ്ദനവും അസഭ്യവർഷവും നേരിടേണ്ടി വന്നിട്ടുള്ളതായി അറിയാം. പക്ഷേ ദൈവകൃപയുടെ കവിഞ്ഞൊഴുക്കിൽ അവരെല്ലാം വിശ്വാസത്തിൽ നിലനിന്നു. ഭവനക്കാരുടെ കണ്ണീരോടുകൂടെയുള്ള പ്രാർത്ഥനയുടെ ഫലമായി, മദ്യപാനികളും അവിശ്വാസികളുമായ കുടുംബനാഥന്മാരിൽ ചിലർ അവരുടെ ജീവിതാന്ത്യത്തിൽ വിശ്വാസത്തിലേക്കു വന്നതായും അറിയാം. അതുവരെ സഹിച്ച മാനസികവും ശാരീരികവുമായ പീഡനങ്ങൾ ഭവനക്കാരെ തളർത്തിയില്ല. ദൈവകൃപ അവർക്കു ഉരുക്കുകവചമായിരുന്നു.

അരിസ്തൊബൂലൊസ് നല്ല ഗൃഹനാഥനായിരുന്നുവോ? അറിഞ്ഞുകൂടാ. നിങ്ങൾ നല്ല ഗൃഹനാഥനാണോ? കുടുംബത്തെ പുലർത്തുന്ന, കുടുംബത്തെ സൂക്ഷിക്കുന്ന, കുടുംബത്തെ സ്നേഹിക്കുന്ന, അവരുടെ ആത്മിക കാര്യങ്ങൾ ശ്രദ്ധിക്കുന്ന, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന നല്ലൊരു ഗൃഹനാഥനാണോ? എല്ലാ കുടുംബനാഥന്മാരും തങ്ങൾക്കു ഏല്പിച്ചു കിട്ടിയ കുടുംബങ്ങളെ നല്ലവണ്ണം സൂക്ഷിക്കട്ടെ. കാവൽക്കാരൻ അലസത കാണിച്ചുകൂടാ.

**(തുടരും)**

**പണമല്ല, പ്രതികരണങ്ങൾ അയയ്ക്കൂ**

വരിസംഖ്യ സംബന്ധമായി യാതൊരു അപേക്ഷയും ഈ മാസികയിൽ ഇന്ന് വരെ ഞങ്ങൾ കൊടുത്തിട്ടില്ല. ഇനി കൊടുക്കുകയുമില്ല. ഞങ്ങൾ കാത്തിരിക്കുന്നത് മാസികയെ സംബന്ധിച്ച് നിങ്ങളുടെ പ്രതികരണം അറിയുന്നതിനാണ്. ദയവായി പ്രതികരണങ്ങൾ അറിയിക്കുക (എഡിറ്റർ)

## STATEMENT

Form IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kuttur, Real Life, Mamparampil House, Kottekad, Kuttur P.O, Thrissur - 680 013 |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | Mamparampil House, Kottekad, Kuttur P.O., Thrissur, Kerala - 680 013 |
| 4. | Publisher's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | same as in 3 |
| 5. | Editor's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | same as in 3 |

I, Sebastian M. V., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

**Sebastian M. V.**

Publisher

17-03-2023

### അനാഥൻ, ഈ കത്രിക

ഹർഷിനയുടെ വയറ്റിൽനിന്ന് കണ്ടെത്തിയ കത്രിക കോഴിക്കോട് മെഡിക്കൽ കോളേജിലേതല്ല! ഹർഷിനയ്ക്ക് മുമ്പ് അവിടെ ശസ്ത്രക്രിയ നടത്തിയിരുന്നു. പക്ഷേ രജിസ്റ്ററിൽ കത്രിക നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല. പിന്നെ എങ്ങനെ ആ കത്രിക മെഡിക്കൽകോളേജിലേതാകും? ആ കത്രിക ഞാൻ സ്വയം വിഴുങ്ങിയതാണോ എന്ന് ഹർഷിന ചോദിക്കുന്നു. സിബിഐ വേണ്ടിവരുമോ ഇതിനുത്തരം കണ്ടെത്താൻ! ഏതായാലും രജിസ്റ്ററിലും കത്രിക ഉണ്ടായിരുന്നു, ഹർഷിനയുടെ വയറ്റിലും കത്രിക ഉണ്ടായിരുന്നു. ഡബ്ള്, ഡബ്ള്! അവിടെയുമുണ്ട്, ഇവിടെയുമുണ്ട്! (2023 മാർച്ച് 3 ലെ പത്രവാർത്ത)

# ഹബക്കൂക് 13
## (പുസ്തകപഠനം)

**-എംവിഎസ്-**

### ഹബക്കൂക് 2:3

*ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല. അത് വൈകിയാലും അതിനായി കാത്തിരിക്ക. അത് വരും നിശ്ചയം. താമസിക്കയുമില്ല.*

സർവശക്തനായ ദൈവം തന്റെ സർവജ്ഞാനം നിമിത്തം പല കാര്യങ്ങൾക്കും ഒരു അവധി വച്ചിട്ടുണ്ട്. ആ കൃത്യസമയത്ത് മാത്രമേ അത് സംഭവിക്കുകയുള്ളൂ. ആ സമയത്തിനായി നാം ക്ഷമയോടെ കാത്തിരിക്കണം. വൈകിയാലും കാത്തിരിക്കണം. ഒരു കാര്യം സംഭവിക്കാൻ വൈകുന്നു എന്നത് നമ്മുടെ തോന്നലാണ്. ദൈവത്തെ സംബന്ധിച്ചിടത്തോളം ഒന്നും വൈകിയല്ല സംഭവിക്കുന്നത്, തക്ക സമയത്താണ്. ദൈവം പറഞ്ഞതെല്ലാം സംഭവിച്ചിരിക്കും. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ നമുക്ക് ധൈര്യമായി വിശ്വസിക്കാം.

### ഹബക്കൂക് 2:4

*അവന്റെ മനസ്സ് അവനിൽ അഹങ്കരിച്ചിരിക്കുന്നു; അത് നേരുള്ളതല്ല; നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും.*

ഹബക്കൂക് ദൈവത്തോട് ആവലാധി പറഞ്ഞു (1:13,14); അതിന് ദൈവത്തിൽനിന്നു മറുപടി ലഭിക്കാനായി കാത്തിരുന്നു (2:1); ഒടുവിൽ മറുപടിയും കിട്ടി. ആ മറുപടിയിൽ കൽദയർക്ക് എതിരെയുള്ള കാര്യങ്ങളാണുണ്ടായിരുന്നത്.

കല്ദയരെ ഉണർത്തുകയും (1:6), അവരെ ദൂരത്തിനിന്ന് യിസ്രായേൽ ജനത്തിന്റെ നേരെ കൊണ്ടുവരികയും ചെയ്യുന്നത് (യിരമ്യാവ് 5:15) ദൈവമാണ്. അങ്ങനെ ദൈവം കൊണ്ടുവരുന്നതുകൊണ്ട് കൽദയർ എപ്പോഴും വിജയിച്ചുതന്നെ നിൽക്കും. പക്ഷേ 2:4 ൽ, അവരുടെ മനസ്സ് അഹങ്കരിക്കുന്ന കാര്യമാണ് ഹബക്കൂക് പ്രസ്താവിച്ചിരിക്കുന്നത്. കൽദയർ അഹങ്കാരംകൊണ്ട് മുഴുക്കുമെന്നും അന്നേരം ദൈവം അവരെ തകർക്കും എന്നുമുള്ള ദർശനമാണ് ഹബക്കൂകിന് ലഭിച്ചത്. യിസ്രായേൽജനത്തിന് ഒരു വിടുതൽ ഉണ്ടാകും എന്ന സൂചന ഇതിലൂടെ ദൈവം നൽകി.

യിസ്രായേൽമക്കൾക്ക് വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് (അവരെ കല്ദയർ ആക്രമിക്കും എന്ന കാര്യം) മാത്രമല്ല, കൽദയർക്കു വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ചുംകൂടി ഹബക്കൂക് പ്രവചിച്ചു. എല്ലാം അതുപോലെത്തന്നെ സംഭവിച്ചു. കൽദയർ യിസ്രായേൽജന ത്തിന്റെ നേരെ വന്നു, ആക്രമിച്ചു, കീഴ്പ്പെടുത്തി. കൽദയർ അവരെ അടി മകളാക്കി.

എന്നാൽ അഹങ്കാരം നിമിത്തം കൽദയരാജ്യം തകർന്നുപോയി. അതിനെക്കുറിച്ച് ദാനിയേലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: "ആ രാത്രിയിൽത്തന്നെ കൽദയരാജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു. മേദ്യനായ ദാര്യാവേശ് അറുപത്തിരണ്ട് വയസ്സുള്ളവനായി രാജത്വം പ്രാപിച്ചു" (ദാനിയേൽ 5:30,31).

ദൈവം തന്റെ ദാസനായ ഹബക്കൂകിലൂടെ പറഞ്ഞതെല്ലാം നിറ വേറി. ദൈവവചനത്തിൽ നാം വായിക്കുന്ന പ്രവചനഭാഗങ്ങളെല്ലാം നിറ വേറുക തന്നെ ചെയ്യും. കർത്താവിന്റെ വരവ്, ന്യായവിധി തുടങ്ങി പലതും പ്രവചിച്ചിരിക്കുന്നതുപോലെത്തന്നെ നിറവേറും.

**അവന്റെ മനസ്സ് അവനിൽ അഹങ്കരിച്ചിരിക്കുന്നു**

അഹങ്കാരം ദൈവം അങ്ങേയറ്റം വെറുക്കുന്നു. അഹങ്കാരമാണ് പിശാ ചിന് ശിക്ഷാവിധി വരുത്തിയത് (1 തിമൊ.3:6). ആ നിലയിൽ ചിന്തിക്കു മ്പോൾ, അഹങ്കാരമാണ് ആദ്യത്തെ പാപം എന്നു മനസ്സിലാക്കാം. "നാശ ത്തിനു മുമ്പേ ഗർവ്വം; വീഴ്ചയ്ക്ക് മുമ്പേ ഉന്നതഭാവം" (സദൃശവാക്യ ങ്ങൾ 16:18). "മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും; മനോവിനയ മുള്ളവനോ മാനം പ്രാപിക്കും" (സദൃശ. 29:23). വിജയങ്ങളിൽ അഹങ്കരി ക്കാതിരിക്കാൻ നാം പഠിക്കണം; പരിശീലിക്കണം.

**അത് നേരുള്ളതല്ല**

നമ്മുടെ മനസ്സ്/ഹൃദയം നേരുള്ളതായിരിക്കണം എന്ന് ദൈവം ആഗ്ര ഹിക്കുന്നു. ശീമോനോട് പത്രൊസ് പറഞ്ഞത്, "നിന്റെ ഹൃദയം ദൈവസ ന്നിധിയിൽ നേരുള്ളതല്ല" എന്നാണ് (അപ്പൊ.പ്രവൃ.8:21). മറ്റുള്ളവരുടെ മുമ്പിൽ ഹീറോ ആവുക എന്നതല്ല ദൈവമക്കളുടെ ലക്ഷ്യം. ശീമോൻ അവിടെ അതിനാണ് ശ്രമിച്ചത്. അതുകൊണ്ടാണ് അവന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ല എന്നു പത്രൊസ് പ്രസ്താവിച്ചത്. കൽദ യരുടെ ഹൃദയം നേരുള്ളതായിരുന്നില്ല. അതുകൊണ്ട് അവർക്ക് നാശം വന്നുഭവിക്കും എന്നു ദൈവം അരുളിച്ചെയ്യുകയാണ്. നിർമ്മലമായ ഹൃദയം നമുക്കുണ്ടായിരിക്കാൻ നാം ആഗ്രഹിക്കണം.

**നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും**

മൂന്ന് ആശയങ്ങൾ ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു മനസ്സിലാക്കാം.

1) ദുഷ്ടന്മാർ അഹങ്കാരത്താൽ വീണുപോകുമ്പോൾ നീതിമാന്മാർ വിശ്വാസത്താൽ ജീവിച്ചിരിക്കും. ഇത് എല്ലാ വിശ്വാസികൾക്കുമുള്ള പ്രമാണമാണ് (റോമർ 1:17; ഗലാത്യർ 3:11; എബ്രായർ 10:38).

2) വിശ്വാസത്തിന് പ്രാധാന്യം കൊടുത്തില്ലെങ്കിൽ നാം അഹങ്കാരികളായി മാറും. നശിച്ചുപോവുകയും ചെയ്യും.

3) ഏത് പ്രതിസന്ധിഘട്ടത്തിലും (ജനത്തെ കൽദയർ അടിമകളാക്കിയാൽ പോലും) വിശ്വാസത്താൽ ജീവിക്കാം.

അഹങ്കാരം നമ്മെ നശിപ്പിക്കുന്നതാണെങ്കിൽ വിശ്വാസം നമ്മെ കരുത്തുള്ളവരാക്കുന്നതാണ്. പ്രശ്നങ്ങളുടെ മധ്യത്തിൽ, നമ്മെ നിലനിർത്താൻ നമ്മുടെ കരുത്തുറ്റ വിശ്വാസത്തിന് കഴിയും.

കൽദയർ അടിമകളാക്കി കൊണ്ടുപോകുന്ന യിസ്രായേൽജനം വിശ്വാസത്താൽ ജീവിച്ചിരിക്കും എന്നാണ് ഹബക്കൂക് പറഞ്ഞത്. എന്നിട്ട് അങ്ങനെ സംഭവിച്ചുവോ? ഉവ്വ്. ദാനിയേലിന്റെ പുസ്തകത്തിൽ നാം അതിന് ഉദാഹരണങ്ങൾ കാണുന്നുണ്ട്.

രാജാവിന്റെ ഭോജനംകൊണ്ട് തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന് തീരുമാനിച്ചുറച്ച ദാനിയേൽ ആ തീരുമാനം വെളിപ്പെടുത്തിയപ്പോൾ ആരും ദാനിയേലിന്റെ തല വെട്ടിയെറിഞ്ഞില്ല (ദാനിയേൽ 1:8,9). ശദ്രക്ക്, മേശക്, അബേദ്നെഗോ എന്നിവർ രാജാവുണ്ടാക്കിയ കനകബിംബത്തെ നമസ്കരിക്കയില്ല എന്നു തീരുമാനിച്ചു. അവരെ എരിയുന്ന തീച്ചൂളയിൽ വലിച്ചെറിയും എന്ന് അവർ അറിഞ്ഞിട്ടും തങ്ങളുടെ തീരുമാനത്തിൽ അവർ ഉറച്ചുനിന്നു. തീച്ചൂളയിൽനിന്നും ദൈവം അത്ഭുതകരമായി അവരെ രക്ഷപ്പെടുത്തി (ദാനിയേൽ 3-ാം അദ്ധ്യായം).

മുപ്പത് ദിവസത്തേക്ക് രാജാവിനോട് മാത്രം പ്രാർത്ഥിച്ചാൽ മതി എന്നൊരു വിചിത്രനിയമം കൊണ്ടുവന്നപ്പോൾ ദാനിയേൽ അത് അനുസരിച്ചില്ല. സിംഹങ്ങളുടെ കുഴിയിൽ ഇട്ടുകളയും എന്നറിഞ്ഞിട്ടും പിന്മാറിയില്ല. സിംഹങ്ങളുടെ വായ് അടച്ചുകൊണ്ടാണ് ദൈവം തന്റെ ദാസനെ വിടുവിച്ചത് (ദാനിയേൽ 6-ാം അദ്ധ്യായം).

നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും എന്നു ഹബക്കൂക് പ്രവചിച്ചതിന് ഉദാഹരണങ്ങളാണ് ഇവരെല്ലാം.

**(തുടരും)**

# അവലോകനയോഗം

ചെറുകഥ

## -എംവിഎസ്-

"ഗൈസ്... നമ്മുടെ പിശാച്തമ്പ്രാ എഴുന്നള്ളുകയാണ്... എല്ലാവരും നിശബ്ദത പാലിക്കണം"

ഒരു ഭൂതം ഇങ്ങനെ അനൗൺസ് മെന്റ് നടത്തിയതോടുകൂടി മറ്റെല്ലാ ഭൂതങ്ങളും നിശബ്ദരായി.

ചേലൊത്ത സിനിമാനടനെപ്പോലെ സ്റ്റൈൽമന്നൻ പിശാച് എഴുന്നള്ളി. എല്ലാ ഭൂതഗണങ്ങളും എഴുന്നേറ്റ് നിന്ന് "വണക്കം തമ്പ്രാ" എന്നു പറഞ്ഞ് കുനിഞ്ഞ് നിവർന്നു.

എല്ലാവരോടും ഇരിക്കാൻ ആംഗ്യം കാണിച്ചശേഷം, "കേരളത്തിലെ നമ്മുടെ പ്രവർത്തനങ്ങളുടെ പുരോഗതി ഓരോരുത്തരും പങ്കുവയ്ക്കൂ" എന്ന് അദ്ദേഹം ആജ്ഞാപിച്ചു.

"പ്രഭോ, കേരളത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ പണ്ടുള്ളതിനേക്കാൾ കെങ്കേമമായി മുന്നേറുന്നുണ്ട്. കേരളം ഇപ്പൊ ദൈവത്തിന്റെ സ്വന്തം നാടല്ല, പിശാച്തമ്പ്രായുടെ സ്വന്തം നാടാണ്"

എല്ലാവരും കയ്യടിച്ചു. പിശാച് തന്റെ ബുൾഗാൻതാടി തടവിക്കൊണ്ട് കുലുങ്ങിച്ചിരിച്ചു.

ഭൂതം തുടർന്നു: "കൊച്ചുപെൺകുട്ടികൾ വരെ റീൽസ് എന്നും പറഞ്ഞ് പരമാവധി ശരീരഭാഗങ്ങളെല്ലാം കാണിച്ചുകൊണ്ട് ഡാൻസ് ചെയ്യുന്നുണ്ട്. 18-20 വയസ്സുള്ള പെൺകുട്ടികൾ സിനിമയിൽ ഏതു ലെവലിൽ വേണേലും അഭിനയിക്കാൻ തയ്യാറാണ്. പണ്ടത്തെ നമ്മുടെ സിൽക്ക്സ് മിതയും ഷക്കീലയും എല്ലാം എന്ത്?"

ഇതു കേട്ട പിശാച് മുന്നോട്ടാഞ്ഞ് ചോദിച്ചു: "അവരെയും കടത്തി വെട്ടോ?"

അഭിമാനത്തോടെ ഭൂതം പറഞ്ഞു: "അവരൊന്നും ഒന്നും അല്ല. നമ്മുടെ ഇപ്പോഴത്തെ കുട്ടികൾ തകർത്തു."

"ഇവറ്റകൾക്ക് തന്തേം തള്ളേം ഒന്നും ഇല്ലേ?" പിശാചിന്റെ സംശയം.

"ഉവ്വുവ്വ്... അവരൊക്കെ തങ്ങളുടെ മക്കളുടെ പ്രകടനത്തെ മഹത്വവത്കരിക്കുകയും ന്യായീകരിക്കുകയുമാണ് ചെയ്യുന്നത്. ഈ പെൺകുട്ടികൾ കുറെ കാലം കഴിഞ്ഞ് വയസ്സാകുമ്പോൾ 'എനിക്ക് അന്ന് തെറ്റ്പറ്റി... അറിവില്ലായ്മകൊണ്ട് ചെയ്തുപോയതാണ്' എന്നിങ്ങനെ മാനസാന്തരപ്പെട്ടാൽ മതിയല്ലോ."

ഭൂതം ഇങ്ങനെ പറഞ്ഞപ്പോൾ പിശാച് തന്റെ ബുൾഗാൻതാടിയിൽനിന്ന് ഒരു വിലപ്പെട്ട രോമം പിഴുതെറിഞ്ഞ് പൊട്ടിച്ചിരിച്ചു.

"ബാക്കിയുള്ള വിശേഷങ്ങൾ പറയ് കേൾക്കട്ടെ" പിശാച് ആവേശത്തോടെ ഒന്ന് ഇളകിയിരുന്നു. "കുടുംബബന്ധങ്ങളൊക്കെ നല്ല രീതിയിൽ തകർത്തു തരിപ്പണമാക്കുന്നില്ലേ?"

“ഉവ്വ് പ്രഭോ... പുതിയ രീതിയിലുള്ള മൂന്നു തരം കുടുംബബന്ധങ്ങൾ നാം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്”

“ഏതൊക്കെയാണവ? കേൾക്കട്ടെ”

ഭൂതം ആവേശത്തോടെ തുടർന്നു: “ഒന്ന്, ലെസ്ബിയൻ വിവാഹം. എന്നു വച്ചാൽ പെണ്ണും പെണ്ണും തമ്മിൽ വിവാഹം കഴിക്കുന്നു.”

“രണ്ട്, ഗേ വിവാഹം. എന്നു വച്ചാൽ ആണും പെണ്ണും തമ്മിൽ വിവാഹം കഴിക്കുന്നു.”

മൂന്നാമത്തേത് പറയുമ്പോഴേക്കും പിശാച് മുരണ്ടു: “ലെസ്ബിയൻ, ഗേ ഇതിന്റെയൊന്നും അർത്ഥം എന്നെ പഠിപ്പിക്കേണ്ടതില്ല.”

“സോറി തമ്പ്രാ... ഞാൻ അറിയാതെ...” ഭൂതം വിയർത്തുപോയി.

“ഊം... സാരമില്ല. കണ്ടിന്യൂ”

“ആദില, നൂറ എന്നീ രണ്ടു പെൺകുട്ടികളാണ് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചത്. ലെസ്ബിയൻകപ്പ്ൾസ് എന്നു അവർ അഭിമാനത്തോടെ പറയുകയും മറ്റുള്ളവർ അവരെ വാനോളം പുകഴ്ത്തുകയും അഭിനന്ദിക്കുകയും ചെയ്തു. ദേ, വീഡിയോ....”

പിശാച് ആ വീഡിയോ കണ്ടു. “നല്ല മൊഞ്ചുള്ള കൊച്ചുങ്ങളാണല്ലോ. ഈ കേരളത്തിന്റെ സ്ഥിതി ഇങ്ങനെയൊക്കെ ആക്കിയതിൽ നാം നിങ്ങളെ അഭിനന്ദിക്കുന്നു.”

ഇത് കേട്ടപ്പോൾ ഭൂതങ്ങൾ കോൾമയിർകൊണ്ട് നിന്നു.

“ആണും ആണും കല്യാണം കഴിച്ച് നടക്കുന്നതിനുള്ള ഉദാഹരണം പറയട്ടെ?”

ഇത് ചോദിച്ചപ്പോഴേക്കും പിശാച് ചെവിപൊത്തിപ്പിടിച്ച് പറഞ്ഞു: “വേണ്ട. കേൾക്കുമ്പോൾ എനിക്ക് തന്നെ അറപ്പ് തോന്നുന്നു. ഏതായാലും ഇത്തരം ‘ഗേ’കല്യാണങ്ങൾ നമ്മള് ഇനിയും പ്രോത്സാഹിപ്പിക്കണം.”

“ഏറ്റു തമ്പ്രാ...” എന്ന് എല്ലാ ഭൂതങ്ങളും കൂടി ആർത്തു.

“മൂന്നാമത്തേത് പറയൂ”

“മൂന്ന്, ട്രാൻസ്ജെൻഡർ കല്യാണമാണ്. എന്നുവച്ചാൽ...” പെട്ടെന്ന് ഭൂതം നിറുത്തി.

“സാരമില്ല, വിശദീകരിക്കൂ. എന്താണ് ട്രാൻസ്ജെൻഡർ വിവാഹം?”

ഭൂതം സന്തോഷത്തോടുകൂടി വിശദീകരിക്കാൻ തുടങ്ങി: “ആണായി ജനിച്ചവൻ പെൺവേഷം കെട്ടും, പെണ്ണിനെപ്പോലെ പെരുമാറും. അപ്പോൾ അത് ട്രാൻസ്വുമൺ ആയി. അതുപോലെ പെണ്ണായി ജനിച്ചവൾ ആൺവേഷം കെട്ടിനടക്കും. അപ്പോൾ അത് ട്രാൻസ്മാൻ ആയി. മാത്രമല്ല ഇവർ ചില ശസ്ത്രക്രിയകൾ നടത്തി ചില അവയവങ്ങൾ മുറിച്ചുമാറ്റുകയും ചെയ്യും. പിന്നെ ഹോർമോൺചികിത്സ... അങ്ങനെ മറ്റുള്ളവരെ കോമാളികളാക്കി, അവർ ദാമ്പത്യജീവിതം നയിക്കുന്നു.”

അപ്പോഴേക്കും മറ്റൊരു ഭൂതം പറഞ്ഞു: “തമ്പ്രാ, ഒരു പുരുഷൻ പെറ്റു!”

"ഉവ്വോ!" എന്നും പറഞ്ഞ് ഒന്നും പിടികിട്ടാതെ പിശാച് വാ പൊളിച്ചു നിന്നു. ഇത് കണ്ട് മറ്റേ ഭൂതം വിശദീകരിച്ചു:

"തമ്പ്രാ, ആണായി വേഷം കെട്ടിയ പെണ്ണാണ് അത്. ട്രാൻസ്മാൻ! ആണിന്റെ വേഷം കെട്ടിയാലും ആള് പെണ്ണ് തന്നെയാണല്ലോ. കൂടെയുള്ളത് പെൺവേഷം കെട്ടിയ ആണും! അങ്ങനെ 'പുരുഷൻ' ഗർഭം ധരിച്ചു. പത്രങ്ങളും മറ്റു മാധ്യമങ്ങളും ഈ വട്ടുകേസ് വലിയ സംഭവം എന്ന നിലയിൽ വാർത്തയാക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു."

"ഇവർക്കെന്താ തലയ്ക്ക് വല്ല ഓളവുമുണ്ടോ? ആട്ടിൻതോല് അണിഞ്ഞ ചെന്നായയെ ട്രാൻസ് ആട് എന്നു വിളിക്കാൻ പറ്റ്വോ?" എന്നു ചോദിച്ച് പിശാച് പൊട്ടിച്ചിരിച്ചു.

വേറൊരു ഭൂതമാണ് ബാക്കി പറഞ്ഞത്. "തമ്പ്രാ, ആണായി വേഷം കെട്ടിയ പെണ്ണ് അവളുടെ സ്തനങ്ങൾ നീക്കം ചെയ്തിരുന്നു. അതുകൊണ്ട് കുഞ്ഞുവാവയ്ക്ക് പാല് കൊടുക്കാൻ പറ്റാതായി. ദേ, ഈ വീഡിയോ ഒന്നു കണ്ടുനോക്കൂ..."

ഇതും പറഞ്ഞ് ഭൂതം തന്റെ മൊബൈൽ എടുത്ത് ആ വീഡിയോ കാണിച്ചുകൊടുത്തു. അതിൽ പ്രസവിച്ച 'പുരുഷൻ' സങ്കടത്തോടെ പറയുന്നത് ഇപ്രകാരമാണ്:

"അപ്പർ സർജറി നടത്തിയതുകൊണ്ട് വാവയ്ക്ക് പാല് കൊടുക്കാൻ കഴിയുന്നില്ല എന്ന വിഷമം ഉണ്ട്. എന്താ ചെയ്ക.. എല്ലാം വിധി"

വീഡിയോ കണ്ട പിശാച് ആർത്തുചിരിച്ചു. "കേരളം ഇപ്പോഴാണ് ശരിക്കും ഭ്രാന്താലയമായത്."

"അതെയതെ" എല്ലാ ഭൂതങ്ങളും തലകുലുക്കി സമ്മതിച്ചു.

"കോടതികൾ നമുക്ക് അനുകൂലമാണ് തമ്പ്രാ" ഒരു ഭൂതം സന്തോഷത്തോടെ പറഞ്ഞു.

"കോളേജ്കുമാരന്മാരുടെയും കുമാരിമാരുടെയും പ്രണയം തകർത്തു മുന്നേറുന്നുണ്ട്. വല്ലവരും അവരെ ശാസിക്കുകയോ ഗുണദോഷിക്കുകയോ ചെയ്താൽ അവരെ 'സദാചാരപ്പോലീസ്' എന്നു വിളിച്ച് കളിയാക്കുകയും അറസ്റ്റ് ചെയ്യുകയും ഒക്കെ ചെയ്യുന്നുണ്ട്. മാത്രമല്ല, സോഷ്യൽ മീഡിയായിൽ പ്രത്യക്ഷപ്പെടുമ്പോൾ തുണി ധരിക്കണോ വേണ്ടയോ എന്ന ശങ്കമൂലം പേരിന് മാത്രം എന്തെങ്കിലും ധരിച്ച് വരുന്ന പെൺകൊച്ചുങ്ങളെ ആരെങ്കിലും ഗുണദോഷിച്ചാൽ അയാളെ 'സൈബർആങ്ങള' എന്നും 'സൈബർഅങ്കിൾ' എന്നുമൊക്കെ വിളിച്ച് കളിയാക്കുന്നുണ്ട്."

"ഓ! വെരി ഗുഡ്...വെരി ഗുഡ്.." പിശാചിന് സന്തോഷം ഒതുക്കാൻ കഴിഞ്ഞില്ല.

അവലോകനയോഗം പിന്നെയും തുടർന്നു. ഭൂതഗണങ്ങളുടെ വിവരണം കേട്ട് പിശാച് ആനന്ദംകൊണ്ട് ആറാടി നിർവൃതി പൂണ്ടുനിന്നു.

"ബലേ ഭേഷ്! കേരളം ഇത്രേം പെട്ടെന്ന് ഇത്രേം അധ:പതിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ!"

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

35

## അദ്ധ്യാപകജീവിതം ആരംഭിച്ചത്...

**1986**

അന്ന് എനിക്ക് 16 വയസ്സു മാത്രം. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ പ്രിഡിഗ്രി ഒന്നാം വർഷം പഠിക്കുന്നു. കൊട്ടേക്കാട് പള്ളിയിൽ കഴിഞ്ഞ വർഷം വരെ അൾത്താരസംഘത്തിലുണ്ടായിരുന്നു. പത്താംക്ലാസ്സ് വരെ മാത്രമേ അൾത്താരബാലൻ ആകാൻ കഴിയുകയുള്ളൂ.

കൊന്തയും കുരിശും വെന്തിങ്ങയും കുർബ്ബാനയും കുമ്പസാരവും ഒക്കെയായി, കത്തോലിക്കാസഭയ്ക്ക് അപ്പുറം മറ്റൊരു ലോകമില്ലെന്നും അഥവാ ഉണ്ടെങ്കിൽ അവരെല്ലാം വെറുക്കപ്പെടേണ്ടവരാണെന്നും കരുതി, കത്തോലിക്കനായതിൽ അഭിമാനത്തോടെയും തെല്ല് അഹങ്കാരത്തോടെയും, നെഞ്ച് വിരിച്ച് നടന്നിരുന്ന കാലം!

“നമ്മുടെ പള്ളിയിൽ സിഎൽസിയുടെ ആഭിമുഖ്യത്തിൽ സൗജന്യട്യൂഷൻ തുടങ്ങിയിട്ടുണ്ട്. ഞാനും പഠിപ്പിക്കാൻ പോകുന്നുണ്ട്'' വോളിബോൾ കളിക്കാൻ ചെന്നപ്പോൾ അവിടെ ഒരാൾ ഇങ്ങനെ പറയുന്നത് കേട്ടു.

കേട്ടയുടനെ, കളി നിർത്തി “എനിക്കും പഠിപ്പിക്കണം” എന്നു വിളിച്ചു പറഞ്ഞ് ഞാൻ പള്ളിയിലേക്കോടി.

കൊച്ചച്ചനോട് കാര്യം പറഞ്ഞു. അപ്പോൾ കൊച്ചച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു:

“നീ പ്രിഡിഗ്രിയല്ലേ ആയുള്ളൂ. അത് കഴിയട്ടെ. എന്നിട്ടാലോചിക്കാം”

എന്റെ മുഖം വാടി. കുഞ്ഞുനാള് തൊട്ടുള്ള ആഗ്രഹമാണ്... പഠിപ്പിക്കണം.

വേലിയിൽ പടർന്നിരിക്കുന്ന ഇലകൾക്ക് ഞാൻ ക്ലാസ്സ് എടുക്കുമായിരുന്നു. കയ്യിൽ ഒരു വടിയും ഉണ്ടാകും. ക്ലാസ്സ് ശ്രദ്ധിക്കാത്ത കുട്ടിയാണെന്ന് സങ്കൽപ്പിച്ച് അതിൽ ചില ഇലകൾ ഞാൻ തല്ലിക്കീറുമായിരുന്നു.

“എനിക്ക് പഠിപ്പിക്കണം അച്ചോ... പ്ലീസ്...” ഞാൻ കെഞ്ചിപ്പറഞ്ഞു.

“നിനയ്ക്ക് പഠിപ്പിക്കാൻ അത്ര മുട്ടിയിട്ടാണ് നിൽക്കുന്നതെങ്കിൽ നീ വേദോപദേശം പഠിപ്പിക്ക്...”

“ഞാൻ റെഡി” എന്റെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു.

അങ്ങനെ പതിനാറാം വയസ്സിൽ കൊട്ടേക്കാട് പള്ളിയിൽ വേദോപദേശം അദ്ധ്യാപകനായി. ആറാംക്ലാസ്സിലാണ് പഠിപ്പിക്കേണ്ടത്.

ചില ദിവസങ്ങൾക്കുശേഷം കൊച്ചച്ചൻ എന്നെ വിളിപ്പിച്ചു.

“ഇവിടെ നടക്കുന്ന ട്യൂഷൻക്ലാസ്സുകളിൽ നിനയ്ക്ക് എട്ടാംക്ലാസ്സിൽ ബയോളജി പഠിപ്പിക്കാം”

അധികം വൈകാതെ കണക്കും പഠിപ്പിക്കേണ്ടിവന്നു.

ചില മാസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ട്യൂഷൻസെന്ററിലേക്ക് എന്നെ വിളിച്ചു. പള്ളിയിലെ ട്യൂഷൻ എന്തുകൊണ്ടോ നിർത്തലാക്കുകയും ചെയ്തു.

പിന്നീട് ആ ട്യൂഷൻസെന്ററിൽ അഞ്ചുവർഷം വിവിധ വിഷയങ്ങൾ ക്ലാസ്സുകൾ എടുത്തു.

പിന്നീട് വീടുകളിൽ ചെന്ന് ട്യൂഷൻ എടുക്കുന്ന പതിവ് തുടങ്ങി.

2000-ത്തിൽ സ്വന്തമായി ഒരു ട്യൂഷൻസെന്റർ തുടങ്ങുകയും ചെയ്തു. ആ ട്യൂഷൻസെന്റർ ഇന്നുവരെയും ദൈവാനുഗ്രഹത്താൽ നന്നായി മുന്നോട്ടു പോകുന്നു.

1986 മുതൽ ഇന്നുവരെയും ട്യൂഷൻ ആണ് എന്റെ പ്രധാന വരുമാനമാർഗ്ഗം.

*ദൈവം നമ്മെ അത്ഭുതകരമായി വഴിനടത്തുന്നവനാണ്. കൊട്ടേക്കാട് പള്ളിയിൽ ട്യൂഷൻ എടുക്കാൻ പോകുമ്പോൾ ഞാനൊരിക്കലും കരുതിയിരുന്നില്ല, ട്യൂഷൻ എടുത്താണ് ഞാൻ കുടുംബം പുലർത്തേണ്ടി വരിക എന്ന്!*

*തത്ക്കാലം കുറച്ചു നാൾ പിള്ളേരെ പഠിപ്പിക്കാം എന്നു മാത്രമേ ഞാൻ ചിന്തിച്ചുള്ളു. പക്ഷേ ദൈവിക തീരുമാനം മറ്റൊന്നായിരുന്നു എന്ന് ഞാൻ പിന്നീട് തിരിച്ചറിഞ്ഞു.*

*പച്ചക്കറിമാർക്കറ്റിലും കണ്ണടക്കടയിലും ഹോളോബ്രിക്ക് ഉണ്ടാക്കുന്ന സ്ഥലത്തും എല്ലാം ഞാൻ ജോലി ചെയ്തിട്ടുണ്ട്. ആറുമാസക്കാലം സുവിശേഷകനായും ജോലി ചെയ്തിട്ടുണ്ട്. പക്ഷേ അപ്പോഴൊന്നും ട്യൂഷൻ നിർത്തിയിരുന്നില്ല.*

*തുച്ഛമായ വരുമാനമാണ് പലപ്പോഴും ലഭിച്ചിരുന്നത്. അതുകൊണ്ട് ട്യൂഷനോടൊപ്പം മറ്റു പല തൊഴിലുകളും ചെയ്തുപോന്നു.*

*പാരലൽ കോളേജുകളിലും സെൽഫ് ഫിനാൻസ് കോളേജുകളിലും ക്ലാസ്സുകൾ എടുക്കാനും പോയി. അപ്പോഴും ട്യൂഷൻ നിർത്തിയില്ല.*

*ദൈവം എനിക്ക് തന്ന വരുമാനമാർഗ്ഗം എന്ന നിലയിൽ ഞാൻ ആ ജോലിയിൽ എന്നും സംതൃപ്തനായിരുന്നു.*

*പെട്ടെന്ന് പണക്കാരനാകണമെന്ന് എനിക്ക് ആഗ്രഹമില്ലായിരുന്നു. ആ ആഗ്രഹം അന്നും ഇല്ല, ഇന്നും ഇല്ല. അതുകൊണ്ട് പണം ഉണ്ടാക്കാനായി ഞാൻ വെപ്രാളം കാണിക്കാറില്ല.*

*ആദ്യകാലങ്ങളിൽ ജീവിതം വളരെ പ്രയാസം തന്നെയായിരുന്നു. ബസ്സിനു പോകാൻ പണമില്ലാതെ നടന്നുപോയിട്ടുള്ള എത്രയോ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്.*

*എന്നാൽ പിന്നീട് പതുക്കെ പതുക്കെ ദൈവം പുരോഗതി നൽകി. ഈ 53-ാം വയസ്സിലും ഞാൻ ട്യൂഷൻ എടുത്തുതന്നെയാണ് ജീവിക്കുന്നത്.*

*വോളിബോൾ കളിക്കുന്നിടത്ത് നിന്ന് പള്ളിയിലേക്ക് ഓടിയ ഓട്ടം എന്റെ ജീവിതത്തിലെ ഒരു സുപ്രധാന വഴിത്തിരിവായിരുന്നുവെന്ന് ഞാൻ ആശ്ചര്യത്തോടെ ഓർക്കാറുണ്ട്. ദൈവം എല്ലാം മുന്നേ കണ്ടിരുന്നു.*

*നമ്മുടെ ജീവിതത്തിൽ യാതൊന്നും ആകസ്മികമായി വന്നുഭവിക്കുന്നതല്ല. എല്ലാം ദൈവത്തിന്റെ അറിവോടുകൂടിയാണ്.*

*രൂത്ത് ബോവസിന്റെ വയലിൽ ഭാഗ്യവശാൽ ചെന്നെത്തി എന്ന് എഴുതിവച്ചിരിക്കുന്നത് മാനുഷികമായ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ മാത്രമാണ്. വാസ്തവത്തിൽ രൂത്തിനെ ബോവസിന്റെ വയലിലേക്ക് ദൈവം നടത്തുകയായിരുന്നു.*

ഇത്രയും കാലം ട്യൂഷൻ എടുത്ത് ജീവിക്കുക എന്ന് എന്നെക്കുറിച്ച് ദൈവം ആഗ്രഹിച്ചു. എന്റെ ആവശ്യങ്ങളെല്ലാം ഇന്നുവരെ ദൈവം നടത്തിത്തന്നു. നമ്മുടെ നിലവിലുള്ള സാഹചര്യങ്ങളിൽ നമുക്ക് സംതൃപ്തിയോടെ മുന്നേറാം. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കും. ❍

**വരവിചാരം** **ജെയ്മോഹൻ അതിരുങ്കൽ**



## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. Faith and Baptism:
How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th March 2023

Posted at
Thrissur RMS

**ആനുകാലികം**

## അജികുമാർ എന്ന വില്ലേജ് ഓഫീസർ

മറ്റുള്ളവർക്ക് അളവില്ലാതെ കാരുണ്യം പകർന്ന് അകാലത്തിൽ പൊഴിഞ്ഞുപോയ ടി. അജികുമാർ എന്ന വില്ലേജ് ഓഫീസറെക്കുറിച്ച് കൊല്ലത്തെ പുന്നല വില്ലേജിലെ നാട്ടുകാർ ഓർക്കുന്നത് വേദനയോടെ മാത്രം. വില്ലേജ് ഓഫീസിൽ വരുന്നവരെ നിറചിരിയോടെ അഭിമുഖീകരിക്കുകയും അവരുടെ ആവശ്യങ്ങൾ എത്രയും വേഗം നടത്തിക്കൊടുക്കുകയും ചെയ്യുന്ന മാതൃകാവില്ലേജ്ഓഫീസറായിരുന്നു അജികുമാർ.

പത്തനാപുരത്ത് ഒരു വ്യക്തിയുടെ വീടിന്റെ നികുതിനിർണ്ണയത്തിനായി അളവെടുക്കുമ്പോൾ മുകൾനിലയിൽനിന്ന് അബദ്ധത്തിൽ താഴേക്ക് വീഴുകയായിരുന്നു. തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ അദ്ദേഹത്തിന്റെ ചികിത്സാചെലവ് പൂർണ്ണമായും സർക്കാർ ഏറ്റിരുന്നു. പക്ഷേ അജികുമാർ ജീവിതത്തിലേക്ക് മടങ്ങിവന്നില്ല.

കോവിഡിന്റെ കാലത്ത് പലവ്യഞ്ജന കിറ്റുമായി വീടുകൾ തോറും അദ്ദേഹം കയറിയിറങ്ങുമായിരുന്നു. നിർധനരുടെ വീടുകളിൽ നേരിട്ടെത്തി സഹായങ്ങൾ കൈമാറുമായിരുന്നു. ഇതിനായി സന്നദ്ധസംഘടനകളുടെയും മറ്റു വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കുകയും ചെയ്തു. വില്ലേജ് ഓഫീസിൽ സേവനങ്ങൾക്കെത്തുന്നവർക്ക് എത്രയും വേഗം അവ ഉറപ്പാക്കുന്നതിലും പാവപ്പെട്ടവരെ സഹായിക്കുന്നതിലും അദ്ദേഹം ശ്രദ്ധ കാണിച്ചിരുന്നു. *(2023 മാർച്ച് 3 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V